**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 435** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വ്യവസായ വകുപ്പ് ആരംഭിച്ച പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും പുരസ്കാരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച **സംരംഭക വർഷം പദ്ധതി** ബഹു. പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച, സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ എം.എസ്.എം.ഇ. മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി തെരഞ്ഞെടുത്തു. കൂടാതെ യു.എസ്.എ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ' എന്ന സ്ഥാപനം സംരംഭക വർഷം പദ്ധതിയെ 'ബെസ്റ്റ് ഇന്നൊവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' ആയി തെരഞ്ഞെടുക്കുകയും, 2025 മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ വാഷിംഗ്ടൺ ഡി.സി-യിൽ വച്ച് നടന്ന വാർഷിക കോൺഫറൻസിൽ സംസ്ഥാനത്തിന്റെ നിക്ഷേപ പദ്ധതികൾ സംബന്ധിച്ച വിഷയം അവതരിപ്പിക്കുന്നതിനായി ബഹു. മുൻ നിയമ-വ്യവസായ-കയർ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വാണിജ്യ ഡയറക്ടർ, എന്നിവരെ ക്ഷണിക്കുകയും ചെയ്തിരുന്നു.

വിവിധ രാജ്യങ്ങളുടെ വ്യവസായ സൗഹൃദ റാങ്കിങ് നിശ്ചയിക്കുന്നതിനായി വേൾഡ് ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ 2024, 2025 വർഷങ്ങളിൽ കേരളത്തിന് രാജ്യത്തെ 'ടോപ് അച്ചീവർ' സ്ഥാനം ലഭിച്ചു.

കേന്ദ്ര സർക്കാരിന് കീഴിൽ വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് അവതരിപ്പിച്ച ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (IPRS 2.0) കിൻഫ്രയുടെ 5 പാർക്കുകൾ, പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, രാജ്യത്തെ മികച്ച പാർക്കുകളായി ഇടം നേടിയിട്ടുണ്ട്.

കൂടാതെ, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചെംബർസ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI) സംഘടിപ്പിച്ച സ്വച്ഛ് ഇൻഡസ്ട്രിയൽ പാർക്ക് അവാർഡിൽ, കിൻഫ്രയുടെ പാലക്കാട്

ഇന്റഗ്രേറ്റ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കും കളമശ്ശേരി ഹൈടെക്ക് പാർക്കും പരിസ്ഥിത സുസ്ഥിരതയ്ക്കും, ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും ജേതാക്കളായി കേന്ദ്ര മന്ത്രിയിൽ നിന്നും അവാർഡ് സ്വീകരിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**